# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P14)11/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P14)11/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.പി. ഷോബി (ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്)
ശ്രീമതി. വിദ്യവിക്രമൻ (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. സ്റ്റാൻലി. പി.എസ് (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. സുനിൽകുമാർ. കെ.സി (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. ജോയ്സൻ. സി.ജെ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ അനിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. മോഹനൻ തൊഴക്കാട്ട് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സരിത.കെ.എ. | അസി.എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ.അരുൺ റാഫേൽ | വെററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഷീന.കെ.വാസു. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)) | 01-04-2020 | 02-02-2021 |
| ഡോ.ലിഡിയ(ഇൻ ചാർജ്ജ്) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 05-02-2021 | 04-08-2021 |
| ഡോ.അനുപമ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 05-08-2020 | 31-03-2021 |
| ഷീന ജോസഫ് | ഹെഡ്മിസ്ട്രസ്(ഇൻ ചാർജ്ജ്) | 01-04-2020 | 18-02-2021 |
| ശകുന്തള.ടി.എം. | ഹെഡ്മിസ്ട്രസ് | 19-02-2021 | 31-03-2021 |
| കവിത.പി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സി.ജോൺ ജോൺസൺ കുന്നത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 08-06-2020 |
| ഡോ.ഗിരീഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 09-06-2020 | 31-03-2021 |
| സുമ.വി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കല്ലൂർ) | 01-04-2020 | 31-03-2021 |
| സുമ.എം.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തൃക്കൂർ) | 01-04-2020 | 31-03-2021 |
| സുധ.ജെ | സെക്രട്ടറി | 01-04-2020 | 05-03-2021 |

| | | | |
|---|---|---|---|
| മനോജ്കുമാർ.പി. | സെക്രട്ടറി (ഇൻചാർജ്) | 06-03-2021 | 31-03-2021 |
| മനോജ്കുമാർ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-10 |
| 11 | വസ്തു നികുതി (റെസിഡൻഷ്യൽ - തൻവർഷം, കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-11 |
| 12 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ - തൻവർഷം, കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ് - ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-13 |
| 14 | വസ്തു നികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-14 |
| 15 | വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-15 |

| | | |
|---|---|---|
| 16 | വരവിനങ്ങൾ - രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-16 |
| 17 | ജേണൽ ബുക്ക് - വൗച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-18 |
| 19 | ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-19 |
| 20 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക " Capital Contribution" ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-20 |
| 21 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-22 |
| 23 | മുൻകൂർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-24 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-25 |
| 26 | വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-26 |
| 27 | ലോൺ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-27 |
| 28 | Capital Work In Progress കണക്കാക്കിയതിന്റെ കാൽകുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-28 |
| 29 | ലേല തുകയിൽ ജി.എസ്.ടി ഈടാക്കിയില്ല<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-29 |
| 30 | ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിച്ചു വരുന്നു<br>Written By: Joyson (Auditor, On 08-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-30 |
| 31 | അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 17-12-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 27-04-2022) | |
| 32 | ലേലനടപടികളിൽ ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഈടാക്കിയില്ല<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-32 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-33 |
| 34 | വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-34 |
| 35 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ - കരാറുകാരന് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല - 87742 രൂപ അധികം നൽകി<br>Written By: Vidya Vikraman (Asst. Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-35 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 30-05-2022) | 1-36 |
| 37 | സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയത് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-37 |
| 38 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് - ഗുണഭോക്താക്കൾക്ക് വിതരണം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 02-12-2021)<br>Last Updated By: Joyson (Auditor, On 03-07-2022) | 1-38 |
| 39 | കുടുംബശ്രീ ഹോട്ടൽ അനുബന്ധ ചെലവുകൾ - മുറിവാടക അധികം നൽകി<br>Written By: Vidya Vikraman (Asst. Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-39 |
| 40 | തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-40 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പഠനമുറി നിർമ്മാണം നടത്തിയിട്ടുള്ളത് ഗുണഭോക്താവിന്റെ താമസ ഗൃഹത്തിന് അനുബന്ധമായിട്ടല്ല - അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-41 |
| 42 | കന്നുകുട്ടി പരിപാലനം - പദ്ധതികൾ<br>Written By: SunilKumar K C (Asst. Audit Officer, On 01-12-2021)<br>Last Updated By: Joyson (Auditor, On 03-07-2022) | 1-42 |
| 43 | ICDS സൂപ്പർവൈസർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Joyson (Auditor, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-43 |
| 44 | ഡയറി ഫാം ഇൻസ്പെക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല | 1-44 |

| | | |
|---|---|---|
| | Written By: Stanley P S (Asst. Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | |
| 45 | മെഡിക്കലാഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്റ്റുകൾ - മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല<br>Written By: Stanley P S (Asst. Audit Officer, On 05-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-45 |
| 46 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ - ആദായ നികുതിയിനത്തിൽ ₹35092/- ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 06-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-46 |
| 47 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-47 |
| 48 | റോഡു പ്രവൃത്തികൾക്ക് 5% ന്റെ പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ - കരാറുകാരന് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല - 87742 രൂപ അധികം നൽകി<br>Written By: Joyson (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 3-1 |
| 2 | തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 01-01-2022)<br>Last Updated By: Joyson (Auditor, On 03-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Joyson (Auditor, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: N Satheesan (Deputy Director, On 03-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 24/03/2020 | |
| കമ്മിറ്റി തീരുമാനം | തീരുമാനം നമ്പർ 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 22,01,14,833 | 21,73,37995 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം | 16/02/2021<br>തീരുമാനം നമ്പർ 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 218732580 | 215694848 |

ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു.

(I) സ.ഉ (ആർ.റ്റി) 3291 / 16 തീ. 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Ii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-07-2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23848660 |
| വരവ് | 83807798 |
| ആകെ | 107656458 |
| ചെലവ് | 88168133 |
| നീക്കിയിരിപ്പ് | 19488325 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16143255 | 16143255 | 13753929 | 2389326 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6683235 | 6683235 | 5166664 | 1516571 |
| വികസന ഫണ്ട്- | 0 | 160875 | 160875 | 143000 | 17875 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14383000 | 14383000 | 9739221 | 4643779 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5426554 | 5426554 | 4965709 | 460845 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 14290003 | 14290003 | 9428648 (5900938+3527710) | 4861355 (2099065+2762290) |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 206 | 107746676 | 170 | 69168283 | 0 | 36 | 82.52 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6308 | 968495 | 974803 | 957859 | 16944 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42276563 | 42276563 | 42276563 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളിപെൻഷൻ | 78,19,800 | 502 |
| വിധവാ പെൻഷൻ | 1,71,36,300 | 1142 |
| വാർദ്ധക്യകാലപെൻഷൻ | 3,37,46,100 | 2344 |
| വികലാംഗപെൻഷൻ | 56,08,700 | 367 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17,56,100 | 115 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,70,000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2021 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10507/- രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ശരാശരി നിലവാരം പുലർത്തുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതും, വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നതായും കണ്ടു.

ആഭ്യന്തര നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15/07/2021 | 01/01/2021-31 /03/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 27/10/2015-11 /11/2015 | 2010-11 മുതൽ 2014-15 വരെ | 12/07/2016 |

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ - തൻവർഷം, കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2853309 | 2791204 | 22668 | 44497 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2853309 | 2791204 | 1000 | *44526 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(46753/105X100)=(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കുടിശ്ശിക -റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 141383 | 71884 | 69725 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *135555 | 71884 | **69800 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (84268+58065= 142333/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (73290/105X100)=69800 |

## 1-12 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ - തൻവർഷം, കുടിശ്ശിക)- ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1936134 | 1864635 | 17926 | 54566 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1936134 | 1864635 | 5323 | *54571 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(57300 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ –കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 59847 | 23192 | 36708 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 52540 | 23192 | 36748 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(32646+19894= 52540/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(38583/105X100) =36748 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 ലൈബ്രറി സെസ്സ് - ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് | റെസിഡ ൻഷ്യൽ | 145477 | 7392 | 152869 | 142064 | 3679 | 146743 | - | - | 2256 | 3565 | 5821 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വെയർ പ്രകാരം | നോൺ-റെസിഡൻഷ്യൽ | 97856 | 3075 | 100931 | 93786 | 1174 | 94960 | - | - | 2734 | 1875 | 4609 |
| | ആകെ | | | 253800 | | | 241703 | - | - | 10430 | | |
| | | 381603 | | | 183162 | | | - | 383475 | 10430 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 9280+145477+97856+87109+41881 =381603 (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 183162 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 241703 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തു നികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 383475 രൂപയാണ്.

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തു നികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 231 | 4943 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 150 |

## 1-15 വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 156 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ എൻട്രിയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വരവിനങ്ങൾ - രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ
5. സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-17 ജേണൽ ബുക്ക് - വൗച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക( കെട്ടിടങ്ങൾ) | 130100101-Rent From Building | 14472 | 31/03/21 | 42000208 |
| 2. | തൊഴിൽ നികുതി (സ്ഥാപനങ്ങൾ) | 110200101-profession Tax-institutions/.... | 327380 | 31/3/21 | 42000206 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 5963 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 5963 |
| 280100102-Prior Period Income-professional Tax -Institutions/professionals/traders | (4780) |
| 280800701-Prior Period-miscellaneous Expenses | (740389) |
| 280800401-Prior Period- Interest And Finance Charges | 244 |

## 1-20 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക " Capital Contribution” ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-21 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-16) പ്രകാരം 96750 Write Off ചെയ്തു കാണുന്നു. രണ്ട് വർഷത്തിലധികം പിരിഞ്ഞുകിട്ടാതെ ശേഷിക്കുന്ന വസ്തുനികുതി ആണ് Write Off ചെയ്യുന്നത്, എന്നാൽ വസ്തുനികുതി കുടിശ്ശികയിൽ തൻവർഷം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. പിരിഞ്ഞുകിട്ടാതെ ശേഷിക്കുന്ന വസ്തുനികുതിയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണോ Write Off ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4360335/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10105367/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 മുൻകൂർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല

1) പഞ്ചായത്തിലെ മുൻകൂർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി തയ്യാറാക്കിയിട്ടില്ല. ഓഡിറ്റിന് മുൻകൂർ രജിസ്റ്ററിൽ പതിച്ച് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, തൻവർഷം മുൻകൂർ നൽകിയ തുക, മുൻകൂർ ക്രമീകരിച്ചത്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയതിൽ വ്യക്തതയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 Loans, Advances And Deposits എന്ന ശീർഷകത്തിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. KWA, KSEB എന്നിവിടങ്ങളിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ Balance Sheet Schedule B-18 ൽ Advance To Implementing Agencies -Deposit With Kerala Water Authority, Advance To Implementing Agencies -Deposit With Kerala Electricity Board എന്നീ മുൻകൂർ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1. | 156/21 – സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22000986/ 12.05.20 | 59484 |
| 2. | 157/21 – വാർഡ് 8 ലേക്ക് സ്ട്രീറ്റ് മെയിൻ | 22000989/ 12.05.20 | 70812 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ | | |
| 3. | 97/21-സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റിസ്ഥാപിക്കലും | 22001373/30.0620. | 32055 |
| | | 22001038/ 28.7.20 | 438960 |
| | | 22001074/ 25.08.20 | 14599 |
| | | 22001374/ 9.2.21 | 63296/- |
| | | 22001420/ 11.2.21 | 5351 |
| | | 22001420/ 03.03.21 | 51518 |
| | | 22001129/ 12.11.20 | 3433 |
| 4. | 236/21- തൃക്കൂർ ഗ്രാമ പഞ്ചായത്ത് പോസ്റ്റ് ഓഫീസ് മുതൽ ആതുർ റോഡ് വരെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | ട്രഷറി ബിൽ നം. 21/18.8.20 | 160000 |
| 5. | 166/21-വാർഡ് 9, 10 എന്നിവിടങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ട്രഷറി ബിൽ നം. 8/13.5.20 | 110000 |
| 6. | 281/21-അയ്യപ്പൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001520/ 27.3.21 | 400000 |
| | | 22001521/ 27.3.21 | 1600000 |
| 7. | 238/21- പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001176/ 2/11/20 | 200000 |
| | | 22001177/ 2.11.20 | 120000 |
| | | 22001175/ 2.11.20 | 200000 |
| | | 22001178/ 02.11.20 | 200000 |
| | | 22001174/ 2.11.20 | 130000 |
| | | 22001139/ 12.11.20 | 172000 |

2) താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്,

ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1. | 156/21 – സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22000986/ 12.05.20 | 59484 | 251630101- Electricity Line Extension General | 460500202- Advance To Implementing Agencies- deposit With KSEB |
| 2. | 157/21 – വാർഡ് 8 ലേക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22000989/ 12.05.20 | 70812 | 410600102- electricityline Extension- General | 460500202- Advance To Implementing Agencies- deposit With KSEB |
| 3. | 97/21-സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റിസ്ഥാപിക്കലും | 22001373/30.0620. | 32055 | 410600102- electricityline Extension- General | 460500202- Advance To Implementing Agencies- deposit With KSEB |
| | | 22001038/ 28.7.20 | 438960 | | |
| | | 22001074/ 25.08.20 | 14599 | | |
| | | 22001374/ 9.2.21 | 63296/- | | |
| | | 22001420/ 11.2.21 | 5351 | | |
| | | 22001420/ 03.03.21 | 51518 | | |
| | | 22001129/ 12.11.20 | 3433 | | |
| 4. | 236/21- തൃക്കൂർ ഗ്രാമ പഞ്ചായത്ത് പോസ്റ്റ് ഓഫീസ് മുതൽ ആതുർ റോഡ് വരെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | ട്രഷറി ബിൽ നം. 21/18.8.20 | 160000 | 410400103 - Drinking Water -Pipe Line | 460500202- Advance To Implementing Agencies- deposit With KWA |
| 5. | 166/21-വാർഡ് 9,10 എന്നിവിടങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ട്രഷറി ബിൽ നം. 8/13.5.20 | 110000 | 412010101- Capital Work Inprogress | 460500202- Advance To Implementing Agencies- deposit With KWA |
| 6. | 281/21-അയ്യപ്പൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 22001520/ 27.3.21 | 400000 | 410400103 - Drinking Water | 460500202- Advance To Implementing |

| | | | | | |
|---|---|---|---|---|---|
| | | | | -Pipe Line | Agencies-deposit With KWA |
| | എക്സ്റ്റൻഷൻ | 22001521/ 27.3.21 | 1600000 | 410400103 - Drinking Water -Pipe Line | 460500202-Advance To Implementing Agencies-deposit With KWA |
| 7. | 238/21-പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001176/ 2/11/20 | 200000 | 410400103 - Drinking Water -Pipe Line | 460500202-Advance To Implementing Agencies-deposit With KWA |
| | | 22001177/ 2.11.20 | 120000 | " | " |
| | | 22001175/ 2.11.20 | 200000 | " | " |
| | | 22001178/ 02.11.20 | 200000 | " | " |
| | | 22001174/ 2.11.20 | 130000 | " | " |
| | | 22001139/ 12.11.20 | 172000 | " | " |

## 1-24 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1. തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-6), ഐ 1-14(a) പ്രകാരം തൻവർഷ വരുമാനവും ചെലവും 42,276,563 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് രേഖകൾ പ്രകാരം ടി തുക 42,282,340 രൂപയാണ്.

2. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 42,276,563 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 5430223 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | നീലങ്കാവിൽ റപ്പായി (രണ്ടുകോൽ) കോൺക്രീറ്റ് റോഡ് നിർമ്മാണം | 255367 |
| 2 | ഓങ്ങല്ലൂർ പാറ കോൺക്രീറ്റ് റോഡ് നിർമ്മാണം | 435987 |
| 3 | 33 കോളനി കോൺക്രീറ്റ് റോഡ് നിർമ്മാണം | 374627 |
| 4 | ശിവസുതൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | 364740 |
| 5 | നേതാജി കോൺക്രീറ്റ് റോഡ് | 90685 |

| | | |
|---|---|---|
| | നിർമ്മാണം | |
| 6 | നെല്ലിച്ചോട് ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 181870 |
| 7 | മേക്കട്ടി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 342583 |
| 8 | വിജയലക്ഷി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 190351 |
| 9 | ഗ്യാലക്സി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 348611 |
| 10 | പാറക്കാട് ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 383503 |
| 11 | വീരമ്പുള്ളി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 159792 |
| 12 | ചാച്ചാജി അങ്കണവാടി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 437357 |
| 13 | എസ്.എൻ.ഡി.പി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 311382 |
| 14 | കപ്യാർ ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 214406 |
| 15 | കാവൂട്ടി ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 234993 |
| 16 | ഗുഡ് വിൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | 201802 |
| 17 | പാലത്തുപറമ്പ് ഐ.എൻ.ടി.യു.സി കോൺക്രീറ്റ് റോഡ് നിർമ്മാണം | 183367 |
| 18 | പാലയ്ക്ക പറമ്പ് ബ്രാഞ്ച് കോൺക്രീറ്റ് റോഡ് നിർമ്മാണം | 254940 |
| 19 | ആലങ്ങാട് തോട് സൈഡ് കെട്ടി സംരക്ഷണം | 463860 |
| | ആകെ | 54,30,223 |

ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 54,30,223 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 54,30,223 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-26 വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ. 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-27 ലോൺ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

Secured Loan From Co Operative Bank എന്ന ശീർഷകത്തിലെ 31.3.2021 ലെ നീക്കിയിരിപ്പ് ലോൺ രജിസ്റ്റർ പ്രകാരം 8894480/- രൂപയും വാർഷികകണക്ക് പ്രകാരം 9033900/- രൂപയും ആണ്. ലോൺ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

## 1-28 Capital Work In Progress കണക്കാക്കിയതിന്റെ കാൽകുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ 1227373 രൂപ ചേർത്തിരിക്കുന്നു. ഈ തുകയുടെ കാൽകുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-29 ലേല തുകയിൽ ജി.എസ്.ടി ഈടാക്കിയില്ല

ലേല പരസ്യം എ3-2690/20 തീ. 19.6.20 പ്രകാരം മണലിപ്പുഴയിലെ പ്രളയാവശിഷ്ടമായ മണ്ണ് 29.6.20-ാം തീയതിയിൽ ലേലം നടത്തുകയുണ്ടായി. ലേലം 2,10,000/- രൂപയ്ക്ക് ക്വട്ടേഷനിൽ രണ്ടാമത്തെ ഉയർന്ന തുക രേഖപ്പെടുത്തിയ നിഷാദ് കെ.എസ്, കുന്നത്തുംപറയിൽ വീട്, കല്ലൂർ എന്നയാൾക്ക് ഉറപ്പിച്ചു. രശീതി നം. 120070100746/1.7.20, 120070100786/3.7.20 എന്നിവ പ്രകാരം ശ്രീ. നിഷാദ് കെ.എസ് ലേല തുക അടവാക്കി. എന്നാൽ ലേല തുകയിൽ ജി.എസ്.ടി ഈടാക്കിയില്ല. ജില്ലാ മണ്ണ പരിശോധന ഓഫീസറുടെ വാല്യൂവേഷൻ പ്രകാരം 670 M3 മണ്ണിന് 1,07,000/- രൂപ നിർണ്ണയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/25.11.21 നൽകി, പ്രളയാവശിഷ്ടമായതിനാലും ഗ്രാമപഞ്ചായത്തിന്റെ സേവനങ്ങളിൽപ്പെടുന്ന കാര്യമായതിനാലും ജി.എസ്.ടി ഈടാക്കേണ്ടതില്ലായെന്നാണ് മറുപടി നൽകിയത്. ജില്ലാ മണ്ണുസംരക്ഷണ ഉദ്യോഗസ്ഥൻ വാല്യൂവേഷൻ നിശ്ചയിച്ച മണ്ണ്, ലേലം ചെയ്യുമ്പോൾ ജി.എസ്.ടി, പ്രളയസെസ്സ് എന്നിവ ഈടാക്കേണ്ടതാണ്. ആയതിനാൽ ജി.എസ്.ടി, പ്രളയസെസ്സ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിച്ച് വരുന്നു

1. 26.11.21-ാം തീയതിയിൽ ഓഡിറ്റ് ടീം ശ്രീ. ഫെലിക്സ് റാഫേൽ, തെക്കിനേത്ത് വീട്, പൊന്നുക്കര എന്നവരുടെ കോഴിഫാമിൽ പരിശോധന നടത്തിയിരുന്നു. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെയാണ് ഈ ഫാം പ്രവർത്തിച്ച് വരുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി 25/27.11.21 പ്രകാരം അന്വേഷിച്ചിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ലായെന്നാണ് മറുപടി നൽകിയത്. നിലവിൽ പ്രവർത്തിച്ച് വരുന്ന ഈ ഫാമിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നാളിതു വരെ പ്രവർത്തിച്ച് വന്നതിനുള്ള ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. 26.11.21-ാം തീയതിയിൽ ഓഡിറ്റ് ടീം ശ്രീ. ലൂക്കോസ്, പുതുശ്ശേരിയിൽ വീട്, ഭരത, മുട്ടിത്തടി എന്നവരുടെ കോഴിഫാമിൽ പരിശോധന നടത്തിയിരുന്നു. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെയാണ് ഈ ഫാം പ്രവർത്തിച്ച് വരുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി 25/27.11.21 പ്രകാരം അന്വേഷിച്ചിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ലായെന്നാണ് മറുപടി നൽകിയത്. നിലവിൽ പ്രവർത്തിച്ച് വരുന്ന ഈ ഫാമിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നാളിതു വരെ പ്രവർത്തിച്ച് വന്നതിനുള്ള ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

26.11.21-ാം തീയതിയിൽ ഓഡിറ്റ് ടീം ശ്രീ. ലൂക്കോസ്, പുതുശ്ശേരിയിൽ വീട്, ഭരത, മുട്ടിത്തടി എന്നവരുടെ കോഴിഫാമിൽ പരിശോധന നടത്തിയിരുന്നു. കെട്ടിട നം. 5/516D ആണ് ഈ ഫാമിന് അനുവദിച്ചിട്ടുള്ള കെട്ടിടനമ്പർ. സഞ്ചയ പ്രകാരം 87.12 ച.മീറ്ററാണ് ആ കെട്ടിടത്തിന്റെ വിസ്തീർണ്ണം. സ്ഥലപരിശോധനയിൽ ഈ ഷെഡ് 152.98 ച.മീറ്ററായി വർദ്ധിപ്പിച്ചിട്ടുള്ളതായി കാണുന്നു. ഇതു കൂടാതെ 177.1 ച.മീ, 96.63 ച.മീ, 127 ച.മീ എന്നീ വിസ്തൃതിയിലുള്ള മൂന്ന് ഷെഡുകൾ നിർമ്മാണം പൂർത്തീകരിച്ച് കോഴി ഫാമായി പ്രവർത്തിച്ച് വരുന്നു. എന്നാൽ ഈ ഷെഡുകൾക്ക് കെട്ടിട നമ്പറുകളില്ല. ഈ ഷെഡുകളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/26.11.21 നൽകി, മറുപടിയിൽ കൂടുതലായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനധികൃത ഷെഡുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ലേലനടപടികളിൽ ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഈടാക്കിയില്ല

ലേലപരസ്യം എ3-2083/21 തീ. 23.2.21 പ്രകാരം ജി.എൽ.പി.എസ്, തുള്ളർ സ്കൂളിന്റെ പഴയ കെട്ടിട ഭാഗങ്ങൾ 1.3.21-ാം തീയതിയിൽ ലേലം നടത്തുകയുണ്ടായി. ശ്രീ. ഷാബു. വി.കെ, വട്ടപ്പിള്ളി വീട്, കല്ലൂർ എന്നയാൾ 31,000/- രൂപയ്ക്ക് ലേലം എടുത്തു. ലേല തുകയിൽ ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഈടാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/25.11.21 നൽകി, മറുപടിയിൽ ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ എലൈറ്റ് സൂപ്പർ മാർക്കറ്റ്, കൈരളി ടൈൽസ് എന്നിവ പ്രവർത്തിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഈ രണ്ടു സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷ പ്രകാരം എലൈറ്റ് സൂപ്പർ മാർക്കറ്റിൽ 19 ജീവനക്കാരും, കൈരളി ടൈൽസിൽ 12 ജീവനക്കാരുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/25.11.21 നൽകി, മറുപടിയിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

ശ്രീ. സി.സി വില്യംസ്, ബി.ആർ.ഡി മോട്ടോഴ്സ് എന്നവരുടെ കെട്ടിടത്തിന് (കെട്ടിടനമ്പർ I/114) 392 ച.മീറ്റർ വിസ്തീർണ്ണമുള്ളതായി സഞ്ചയയിൽ ബോധ്യപ്പെടുന്നു. കെട്ടിടത്തിന്റെ സഞ്ചയയിലെ ഫോം 6 പരിശോധിച്ചപ്പോൾ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചിട്ടുള്ളതായാണ് ബോധ്യപ്പെടുന്നത്. 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി 50 രൂപ/ച.മീറ്ററാണ്. എന്നാൽ ഈ കെട്ടിടത്തെ 30 രൂപ/ച.മീറ്റർ എന്ന നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/26.11.21 നൽകി, മറുപടിയിൽ പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ - കരാറുകാരന് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല - 87742 രൂപ അധികം നൽകി

പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട എസ്.സി സാംസ്കാരിക നിലയം, അയ്യങ്കോട് സബ്സെന്റർ, ഐ.സി.ഡി.പി സബ് സെന്റർ, പകൽ വീട് എന്നിവയുടെ വൈദ്യുതീകരണ പ്രവൃത്തികൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷന്റെ ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുള്ള ഈ പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ടെണ്ടർ കുറവ് നിരക്കിലാണ് നാല് പദ്ധതികളും കരാർ നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ച് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തിയുടെ മൂല്യത്തിൽ നിന്ന് (Actual Value Of Work Done) കുറവ് വരുത്തി കാണുന്നില്ല. എസ്റ്റിമേറ്റിൽ ജി.എസ്.ടി യ്ക്കു പ്രൊവിഷൻ നൽകിയിട്ടുണ്ടെങ്കിലും ആയത് നൽകുകയോ ടി.ഡി.എസ് ഈടാക്കേണ്ട പ്രവൃത്തിയിൽ ആയത് ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ പ്രവർത്തികളിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ക്വോട്ട് ചെയ്ത നിരക്ക് | കരാറു കാരൻ | നടപ്പാക്കിയ പ്രവൃത്തിയുടെ മൂല്യം എംബുക്ക് പ്രകാരം (MB No.) | ടെണ്ടർ നിരക്ക് കുറവ് വരുത്തിയതിന് ശേഷമുള്ള തുക | IT, KCWWF കുറവ് ചെയ്യേണ്ട തുക | കരാറു കാരന് നൽകേണ്ട തുക | കരാറു കാരന് നൽകിയ തുക | അധികം നൽകിയ തുക | ട്രഷറി ബിൽ നം. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എസ്.സി സാംസ്കാരിക നിലയം വൈദ്യുതീകരണം, 129/21 | 400000 | 18.4% Tender Below | സോമൻ പി.ജെ | 329266 (M.B292, 293) | 268681 | 2687+ 2687 | 263307 | 322676 | 59369 | 30/ 20-21/ 19.10.20 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | അയ്യങ്കോട് സബ് സെന്റർ വൈദ്യുതീകരണം, 130/21 | 100000 | 15.8% Tender Below | ഷാർജാസ്.എ | 81906 (M.B288, 289) | 68965 | 690 +690 | 67585 | 76997 | 9412 | 48/ 20-21/ 6.01.21 |
| 3 | ഐ.സി. ഡി.പി സബ് സെന്റർ വൈദ്യുതീകരണം, 131/21 | 100000 | 16.01% Tender Below | ഷാർജാസ്. .എ | 82042 (M.B290, 291) | 68907 | 689 + 689 | 67529 | 77129 | 9600 | 46/ 6.01.21 |
| 4 | പകൽ വീട് വൈദ്യുതീകരണം, 136/21 | 100000 | 16.20% Tender Below | ഷാർജാസ് എ | 82042 (M.B286, 287) | 68752 | 688 + 688 | 67376 | 76737 | 9361 | 47/ 16.01.21 |
| | ആകെ | | | | | | | | | 87742 | |

അധികം നൽകിയ 87742 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ പ്രവൃത്തികളിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 30/29.11.2021

## 1-36 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(1)

| ക്രമ നം. | പ്രോജക്ട് നം./പ്രോജക്ട് | ബിൽ നം./തീയ്യതി | തുക | നൽകിയത് | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 156/21 – സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22000986/ 12.05.20 | 59484 | K.S.E.B പുതുക്കാട് | വിനിയോഗ സാക്ഷ്യപത്രം |
| 2 | 157/21 – വാർഡ് 8 ലേക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22000989/ 12.05.20 | 70812 | K.S.E.B പുതുക്കാട് | വിനിയോഗ സാക്ഷ്യപത്രം |
| 3 | 236/21- തൃക്കൂർ ഗ്രാമ പഞ്ചായത്ത്പോസ്റ്റ് ഓഫീസ് മുതൽ ആതൂർ റോഡ് വരെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | ട്രഷറി ബിൽ നം. 21/18.8.20 | 160000 | K W A | KWA യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം |
| 4 | 166/21-വാർഡ് 9,10 എന്നിവിടങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ട്രഷറി ബിൽ നം. 8/13.5.20 | 110000 | K W A | KWA യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | | | | | സാക്ഷ്യപത്രം |
| 5 | 281/21-അയ്യപ്പൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001520/ 27.3.21 | 400000 | K W A | KWA യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം |
| | | 22001521/ 27.3.21 | 1600000 | KWA | KWA യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം |
| 6 | 238/21- പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001176/ 2/11/20 | 200000 | KWA | KWA യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം |
| | | 22001177/ 2.11.20 | 120000 | KWA | |
| | | 22001175/ 2.11.20 | 200000 | KWA | |
| | | 22001178/ 02.11.20 | 200000 | KWA | |
| | | 22001174/ 2.11.20 | 130000 | KWA | |
| | | 22001139/ 12.11.20 | 172000 | KWA | |
| | ആകെ | | 3422296 | | |

2. പ്രോജക്ട് - സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റിസ്ഥാപിക്കലും, 97/21

ചെലവ് - 609212 (ധനകാര്യ കമ്മീഷൻ അവാർഡ്)

ഗ്രാമപഞ്ചായത്തിലുള്ള വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനും, ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി രൂപീകരിച്ച പദ്ധതി. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ടി തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീ. | തുക | നൽകിയത് |
|---|---|---|---|
| 1 | 22001373/30.06.20 | 32055 | K S E B പുത്തൂർ |
| 2 | 22001038/ 28.7.20 | 438960 | K S E B പുതുക്കാട് |
| 3 | 22001074/25.08.20 | 14599 | K S E B പുതുക്കാട് |
| 4 | 22001374/9.2.21 | 63296/- | K S E B മരത്താക്കര -40174 |
| | | | K S E B പുതുക്കാട്-23122 |
| 5 | 22001420/11.2.21 | 5351 | K S E B മരത്താക്കര |
| 6 | 22001420/ 03.03.21 | 51518 | K S E B പുതുക്കാട് |
| 7 | 22001129/12.11.20 | 3433 | K S E B വെട്ടുകാട് |

| | | | |
|---|---|---|---|
| | ആകെ | 609212 | |

## 1-37 സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയത് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് ചുവടെ ചേർത്ത പ്രകാരം തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ് നം./പ്രോജക്റ്റ് | ബിൽ നം./തീയതി | തുക | നൽകിയത് | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 89/21,ഐ.കെ.എം ന് വിഹിതം നൽകൽ | 10/20-21 /26.05.2020 | 80553 | ഇൻഫർമേഷൻ കേരള മിഷൻ | വിനിയോഗ സാക്ഷ്യപത്രം പ്രസ്തുത സ്ഥാപനത്തിലെ ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഐ.കെ.എം ൽ നിന്ന് വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്കു ഓഡിറ്റിന് നൽകേണ്ടതാണ്. |
| 2 | 141/21-കാൻ തൃശ്ശൂർ | 22001033/ 04.02.2020 | 200000 | ജില്ല പഞ്ചായത്ത് | കാൻ തൃശ്ശൂർ പദ്ധതി നടപ്പാക്കുന്നത് ജില്ലാപഞ്ചായത്ത് ആണെങ്കിലും ഓരോ പഞ്ചായത്തിലും ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്താറുണ്ട്. തൃക്കൂർ പഞ്ചായത്തിൽ നടപ്പാക്കിയ ക്യാമ്പുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം നൽകിയത് കൈപ്പറ്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | രസീതാണ്. വിനിയോഗവിവരം അല്ല. |
| 3 | 106/21-എ.ബി.സി പ്രോഗ്രാം | 22001029/ 25.08.2020 | 210000 | കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേഷൻ | വിശദമായ (നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന്റെ വിവരം ഉൾപ്പെടുത്തി) വിനിയോഗ സാക്ഷ്യപത്രം |

## 1-38 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് - ഗുണഭോക്താക്കൾക്ക് വിതരണം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടില്ല

1. പ്രോജക്ട് - പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ (116/21)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 16/23.10.2020, 130500/-

മേൽ പദ്ധതിയ്ക്ക് വേണ്ടി ആർട്ട്കോയിൽ നിന്നും ഇൻവോയിസ് നമ്പർ 165/25.09.2020 പ്രകാരം 30 കട്ടിലുകൾ വാങ്ങിയതിൽ 6 എണ്ണം വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6 എണ്ണം (6 X 4350 = 26100) വിതരണം ചെയ്യാൻ ശേഷിക്കുന്നതായി കാണുന്നു. കട്ടിലുകൾ വിതരണം നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കുവരെ 26100/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2. പ്രോജക്ട് - പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് (233/21)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് – 80555/- (Scp 52680 + Own Fund 1000 + Beneficiary Contribution 26875)
1. ബിൽ നമ്പർ - 26/23.2.21, 52680/-
2. വൗച്ചർ നം.- 22001229/26.2.21, 1000/-
3. വൗച്ചർ നം:- 22001228/26.2.21, 26875/-

മേൽ പദ്ധതിയ്ക്ക് വേണ്ടി കരാറുകാരായ വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നമ്പർ VPF/3690/20-21 Dt. 15/2/21, 80555/- പ്രകാരം 29 വാട്ടർ ടാങ്കുകൾ (5x2785=13925) വാങ്ങിയതിൽ 5 എണ്ണം വിതരണം ചെയ്യാൻ ശേഷിക്കുന്നു. വാട്ടർടാങ്കുകൾ വിതരണം നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കുവരെ 13925/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 29/29.11.21

## 1-39 കുടുംബശ്രീ ഹോട്ടൽ അനുബന്ധ ചെലവുകൾ - മുറിവാടക അധികം നൽകി

പ്രോജക്ട് - കുടുംബശ്രീ ഹോട്ടൽ അനുബന്ധ ചെലവുകൾ (145/21)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് – 55774/-

കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, വൈദ്യുതി ബിൽ, വാട്ടർബിൽ എന്നിവ അടവാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്ട്. ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ 9-ാം വാർഡിൽ 75 ബി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ഹോട്ടലിന് പ്രതിമാസം 5000/- രൂപ നിരക്കിൽ വാടക നൽകി വരുന്നു. ജൂൺ 2020 മുതൽ മാർച്ച് 2021 വരെയുള്ള വാടക ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീ. | തുക | വാടക നൽകിയ തുക | കറന്റ് ബിൽ | മാസം |
|---|---|---|---|---|---|
| 1 | 6/16.7.20 | 10000 | 10000 | - | ജൂൺ, ജൂലൈ |

| | | | | | |
|---|---|---|---|---|---|
| 2 | 8/12-8-20 | 5000 | 5000 | - | ആഗസ്റ്റ് |
| 3 | 13/16.9.20 | 5000 | 5000 | - | സെപ്റ്റംബർ |
| 4 | 15/23.10.20 | 6117 | 5000 | 1117 | ഒക്ടോബർ |
| 5 | 18/10.11.20 | 6456 | 5000 | 1456 | നവംബർ |
| 6 | 21/14.1.21 | 11619 | 10000 | 1619 | ഡിസംബർ, ജനുവരി |
| 7 | 25/11.2.21 | 5000 | 5000 | - | ഫെബ്രുവരി |
| 8 | 38/15.3.21 | 6582 | 5000 | 1582 | മാർച്ച് |

മേൽ കണക്കുകൾ പ്രകാരം കുടുംബശ്രീ ജനകീയ ഹോട്ടലിൽ പ്രവർത്തനം തുടങ്ങിയ ജൂൺ/20 മുതൽ 21/മാർച്ച് വരെയുള്ള വാടക 5000 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള സെക്രട്ടറിയുടെ നടപടിക്രമം, വാടകക്കാരന്റെ കൈപ്പറ്റ് രസീത് എന്നിവയിൽ ഫെബ്രുവരി 2021 ലെ വാടകയാണ് തൻവർഷം അവസാനമായി കൈപ്പറ്റിയിരിക്കുന്നത്. സംശയനിവാരണത്തിനായി ടി പദ്ധതിയുടെ 2021-22 വർഷത്തെ ഫയൽ പരിശോധിച്ചതിൽ (പ്രോജക്റ്റ് നം. 145/21) ട്രഷറി ബിൽ നം. 2/17.7.21, പ്രകാരം 20000/- രൂപ മാർച്ച്, എപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വാടക നൽകിയിട്ടുണ്ട്. 2021 മാർച്ചിലെ വാടക വീണ്ടും നൽകി കാണുന്നു. 5000 രൂപ തിരികെ ഈടാക്കുകയോ, വാടകയിൽ ക്രമീകരിക്കുന്നതിനോ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 29/29.11.2021

## 1-40 തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്റ്റ് - തെരുവ് വിളക്ക് അറ്റകുറ്റപ്പണി (110/21)

നിർവ്വഹണം –സെക്രട്ടറി

തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി (സാധന സാമഗ്രികൾ ഉൾപ്പെടെയുള്ള റിപ്പയർ) ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ കണ്ടെത്തി എ.എം.സി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 815000/- രൂപ വകയിരുത്തിയ പദ്ധതിയ്ക്ക് 08/5/2020 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ഇ-ടെണ്ടർ (E Tender Number: A1/1401/1/20/dtd. 08/05/2020) ക്ഷണിച്ചു. ടെണ്ടറിൽ രണ്ട് പേർ പങ്കെടുത്തു.

ടെണ്ടർ നോട്ടീസ് പ്രകാരമുള്ള നിബന്ധനകൾ

1. ഒരു തെരുവ് വിളക്ക് ഒരു വർഷം മുഴുവനും അറ്റകുറ്റപ്പണി നടത്തി സ്പെയർ ഉൾപ്പെടെ പ്രവർത്തനക്ഷമമാക്കുന്നതിന് ഒരെണ്ണത്തിന് ലഭിക്കേണ്ട നിരക്കുകൾ ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

2. എല്ലാ നികുതി നിരക്കുകളും ഉൾപ്പെടെയുള്ള നിരക്ക് ആണ് രേഖപ്പെടുത്തേണ്ടത്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂവർമെന്റ് മാന്വൽ, കെ.പി.ആർ ചട്ടങ്ങൾ, ഇ-ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിലവിലുള്ള വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകം.

4. പഞ്ചായത്ത് പരിധിയിലുള്ള എൽ.ഇ.ഡി ബൾബുകൾ ഒരെണ്ണം റിപ്പയർ ചെയ്യുന്നതിനും ഒരെണ്ണം മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക രേഖപ്പെടുത്തണം. എ.എം.സി ഒരു വർഷം.

ടെണ്ടറിൽ പങ്കെടുത്തുവരും ക്വോട്ട് ചെയ്ത നിരക്കുകളും ചുവടെ ചേർക്കുന്നു.

പട്ടിക 1 (TENDER BOQ)

| Sl.no. | Description Of Work | Quantity/rate | Contractors Participated In Tender | |
|---|---|---|---|---|
| | | | AIRMECH | SAJU T.J |
| 1 | Supply And Installation Of 9 Watts LED Street Light (ISI) With Pure Aluminium | 1 | 1000.00 | 350.00 |

| | | | | |
|---|---|---|---|---|
| | Body (Water Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | | | |
| 2 | Supply And Installation Of 22 Watts LED Automatic Street Light (ISI) With Pure Aluminium Body (Water Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | 1 | 1000.00 | 2550.00 |
| 3 | Repair And Replacement Of LED Street Lights | 1 | 400 | 200 |
| | TOTAL | | 2400 | 3100 |

മേൽ ടെണ്ടർ നിരക്കുകളിൽ കുറവ് രേഖപ്പെടുത്തിയ AIRMECH AIRCONDITIONING ENGINEERS എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും (03.06.2020 ലെ എ1/1401/20 കത്ത് പ്രകാരം) 22/08/20 (2020-21 വർഷം) ൽ ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു (കരാർ ഉടമ്പടി നമ്പർ 1/20-21). കരാർ കാലാവധി 31/03/2021. പഞ്ചായത്തിന്റെ 17 വാർഡുകളിൽ 31/07/20 മുതൽ 24/10/2020 വരെ ഈ സ്ഥാപനം നടത്തിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയുടെ സ്റ്റേറ്റ്മെന്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ 815000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 11

| ക്രമ നം | ചെയ്ത പ്രവൃത്തി | എണ്ണം | നിരക്ക് (GST Included) | ടാക്സ് ഇൻവോയിസ് നം./തീ. | തുക | നൽകിയതുക | വൗച്ചർ നം./ തീ. |
|---|---|---|---|---|---|---|---|
| 1 | Supply And Installation Of 9 Watts LED Street Light (ISI) With Pure Aluminium Body (Water | 588 | 750 | 257/ 21.10.2020 | 441000 | 441000 | 22001127/12.11.2020 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | | | | | | |
| 2 | “ | 569 | 750 | 260/22.01.2021 | 426750 | 300000 | 22001373/09.02.2021 |
| 3 | “ | 100 | 750 | 265/26.03.2021 | 75000 | 74000 | 22001524/28.03.2021 |
| | | 1257 | 750 | | 942750 | 815000/- | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്ത് മുൻവർഷം അതായത് 2019 -20 ൽ നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ (233/20) എന്ന പദ്ധതി പ്രകാരം 2000 എണ്ണം 9 Watts Crompton LED BULB ആണ് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 22 Watts LED BULB വാങ്ങി സ്ഥാപിച്ചിട്ടില്ല. ഈ വസ്തുതകൾ പരിഗണിച്ചാൽ പഞ്ചായത്ത് പരിധിയിൽ 22 Watts LED Automatic Streetlight ഉള്ള തെരുവ് വിളക്കുകൾ ഇല്ല. ടെണ്ടർ നോട്ടീസിൽ അറ്റകുറ്റപ്പണി നടത്തേണ്ട തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും BOQ വിൽ പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത 22 Watts LED ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 22 Watts LED Automatic Street Light ഇല്ലാതിരുന്നിട്ടും, മുൻവർഷത്തിൽ 9 Watts LED BULB മാത്രം വിതരണം നടത്തുകയും ചെയ്തിട്ടുള്ള സാഹചര്യം നിലനിൽക്കേ 22 Watts LED Automatic Street Light അറ്റകുറ്റപ്പണിയ്ക്കു കൂടിയ നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ 9 Watt LED യ്ക്കു കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചിട്ടുണ്ട്. ആയതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല (പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം). പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

3) 2019-20 വർഷത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കു നടത്തിയ ചെലവിന്റെയും നടത്തിയ പണിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | എണ്ണം | നിരക്ക് | തുക | റിമാർക്സ് |
|---|---|---|---|---|
| Single Tube Light Repairing | 2 | 275 | 550 | 2019-20 ൽ 400000 രൂപയും, 2020-21 ൽ 154094 രൂപയും നൽകി. ആകെ 554094/- (കരാറുകാരന്റെ കണക്ക് പ്രകാരം നൽകേണ്ട തുക 561872/-) |
| 9 Watt LED BULB | 155 +23+7= 185 | 92 | 17020 | |
| 9 Watt LED BULB Repairing And Fitting | 1056+918 +775 =2749 | 198 | 544302 | |
| | | | 561872 | |

മേൽ സ്റ്റേറ്റ്മെന്റ് പ്രകാരവും 9 Watt LED BULB മാത്രം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. 22 Watts LED BULB അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. ഈ കണക്കുകൾ ടെണ്ടർ ക്ഷണിക്കുമ്പോഴും, കരാർ നൽകുമ്പോഴും പരിഗണിച്ചിട്ടില്ല.

4. ടെണ്ടർ നോട്ടീസിൽ അറ്റകുറ്റപ്പണി നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടെണ്ടർ BOQ വിൽ പഞ്ചായത്ത് ഇത് ചേർത്തിട്ടുണ്ട്. റേറ്റ് ക്വോട്ട് ചെയ്യുക എന്നതു മാത്രം ബിഡ്ഡിൽ പങ്കെടുത്തവർ ചെയ്യേണ്ടതുള്ളൂ. മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റിലെ കണക്കുകൾ പ്രകാരം 9 Watt LED ബൾബുകൾ മാത്രമേ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. ടെണ്ടറിൽപ്പറഞ്ഞ പ്രകാരമുള്ള 22 Watts LED Automatic Street Light അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് തെരുവുവിളക്ക് ഇനത്തിൽ പഞ്ചായത്തിൽ 9 Watt LED ബൾബുകൾ മാത്രമാണ്.

9 Watt LED അറ്റകുറ്റപണിയ്ക്ക് ഒരെണ്ണത്തിന് 750 രൂപ നൽകിയാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ടെണ്ടറിൽ ഈ ഇനത്തിന്റെ അറ്റകുറ്റപണിയ്ക്ക് 350 രൂപ ക്വോട്ട് ചെയ്ത കരാറുകാരനായ സാജു എന്നവരെ പരിഗണിക്കാതെ 1000 രൂപ ക്വോട്ട് ചെയ്ത AIRMECH AIRCONDITIONING ENGINEERS എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. 22 Watts LED യ്ക്ക് കൂടുതൽ റേറ്റ് (2550/-) ക്വോട്ട് ചെയ്ത എന്നത് കൊണ്ട് മാത്രം സാജു എന്നവരുടെ ടെണ്ടർ നിരസിച്ചതായിട്ടാണ് വ്യക്തമാകുന്നത്. AIRMECH AIRCONDITIONING എന്ന സ്ഥാപനം 1000 രൂപ ക്വോട്ട് ചെയ്തുവെങ്കിലും 750 രൂപയാണ് നൽകിയിട്ടുള്ളത്. ടി രണ്ട് കരാറുകാരുമായും നെഗോസിയേഷൻ നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5. 9 Watt LED ബൾബ് അറ്റകുറ്റപണിയ്ക്ക് ഒരെണ്ണത്തിന് 750 രൂപ നിരക്കിൽ തൻവർഷം 8,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 1086 എണ്ണം (815000/750=1086) അറ്റകുറ്റപ്പണി നടത്തിയതായി (കരാറുകാരന്റെ കണക്ക് പ്രകാരം 1227) കണക്കാക്കുമ്പോൾ കുറഞ്ഞ നിരക്കായ 350 രൂപയ്ക്ക് കരാർ നൽകിയിരുന്നുവെങ്കിൽ പഞ്ചായത്തിന് തൻവർഷം നൽകേണ്ടി വരുന്ന ആകെ തുക 3,80,100/- (350x1086=3,80,100) രൂപയാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തൻവർഷം ചെലവഴിച്ചത് 8,15,000/- രൂപയാണ്. പഞ്ചായത്തിന് ഇതുവഴി 4,34,900/- രൂപയുടെ (8,15,000-3,80,100) നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ നോട്ടീസിലും, ടെണ്ടർ BOQ വിലും ചെയ്യേണ്ട പ്രവൃത്തികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഈ വസ്തുത പരിഗണിക്കാതെയും മുൻവർഷത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിലയിരുത്തൽ നടത്താതെയുമാണ് കരാർ നൽകിയിട്ടുള്ളത്.

6. പട്ടിക 11 ക്രമ നം. 2, 3 ഇൻവോയിസുകൾ പ്രകാരം കരാറുകാരൻ 4,41,000, 4,26,750, 75000 എന്നിങ്ങനെ ചെയ്ത പ്രവൃത്തിയുടെ ബില്ലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും യഥാക്രമം 4,41,000, 300000, 74000 എന്നീ തുകകൾ മാത്രമേ നൽകിയിട്ടുള്ളൂ. (പ്രവൃത്തി സംബന്ധിച്ച് ഇൻവോയിസിനോടൊപ്പം സമർപ്പിച്ച പ്രവൃത്തിയുടെ സ്റ്റേറ്റ്മെന്റുകൾ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്). കരാർ ഉടമ്പടി ക്രമ നമ്പർ 9 ൽ വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ 4 തവണ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിയെന്ന് കരാറുകാരൻ കരാർ നടപടികളിലെ വ്യവസ്ഥകൾ പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടും കരാറുകാരന് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി തുക നൽകി. ചെയ്ത പ്രവർത്തിയ്ക്ക് മുഴുവൻ തുകയും നൽകിയില്ല. പഞ്ചായത്തിനോ കരാറുകാരനോ പ്രസ്തുത പ്രവർത്തിയുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പുവരുത്താനായിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാരണങ്ങളാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിക്കുന്നതിനുള്ള കാരണങ്ങൾ

1. പഞ്ചായത്തിൽ 9 Watt LED ബൾബുകൾ മാത്രം അറ്റകുറ്റപ്പണി നടത്താനുള്ളു എന്ന വസ്തുത പരിഗണിക്കാതെ ഈ ഇനത്തിലെ അറ്റകുറ്റപ്പണിയ്ക്ക് കുറവ് നിരക്ക് (350/-) ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടുതൽ നിരക്ക് (1000/-) ക്വോട്ട് ചെയ്ത കരാറുകാരന് കരാർ നൽകി. അതും പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത 22 Watts LED BULB അറ്റകുറ്റപ്പണിയ്ക്ക് കുറവ് നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ.

2. 2019-20 വർഷം തെരുവ് വിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് പഞ്ചായത്ത് വാങ്ങി നൽകിയിട്ടുള്ളതും, തൻവർഷം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതും (വിശദാംശം മുകളിൽ ചേർത്തിരിക്കുന്നു) 9 Watt LED ബൾബുകൾ മാത്രമാണ്. മാത്രമല്ല 2019-20 വർഷത്തിൽ സ്ഥാപിച്ച 9 Watt LED സ്ട്രീറ്റ് ലൈറ്റിനു 18 മുതൽ 24 മാസം വരെ വാറണ്ടി ലഭ്യമാകുമെന്നതിനാൽ ഇതേ ലൈറ്റുകൾക്ക് 2020-21 ൽ എ.എം.സി നൽകേണ്ട ആവശ്യമില്ല. 22 Watts LED ഒരെണ്ണം പോലും വാങ്ങി നൽകുകയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടില്ല. മുൻവർഷത്തെ കണക്കുകൾ വിലയിരുത്താതെ നടപ്പാക്കാനില്ലാത്ത പ്രവൃത്തി ടെണ്ടർ BOQ വിൽ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചു. ടി പ്രവൃത്തിയ്ക്ക് കുറവ് നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ കരാർ നൽകി. ഇതുവഴി പഞ്ചായത്തിന് അധിക ചെലവ് സംഭവിച്ചു.

3. രണ്ട് കരാറുകാരും ഓരോ ഇനത്തിനും (9 Watts LED 350/-, 22 Watts LED 1000/-) കുറവ് നിരക്ക് രേഖപ്പെടുത്തിയ സാഹചര്യത്തിൽ കരാർ ഇനം തിരിച്ച് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചില്ല (സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013/എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 9.18 (lv)). അല്ലാത്തപക്ഷം സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013 /എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 9.48 പ്രകാരം ഏറ്റവും കുറവ് രേഖപ്പെടുത്തിയ തുക ന്യായമല്ല എന്ന് ബോധ്യപ്പെട്ടാൽ ആയത് രേഖപ്പെടുത്തിയ സപ്ലൈയറുമായി നെഗോസിയേഷൻ നടത്തി ന്യായമായ വിലയിലേക്ക്

കുറച്ചാൽ കരാർ നൽകാവുന്നതാണ്. സപ്ലൈയർ വില കുറക്കുന്നില്ലയെങ്കിൽ വീണ്ടും ടെണ്ടർ ചെയ്യണം. രണ്ട് കരാറുകാരുമായി നെഗോസിയേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

4. തെരുവ് വിളക്കുകൾ എത്ര എണ്ണം അറ്റകുറ്റപ്പണി നടത്തണം എന്ന് ടെണ്ടർ നോട്ടീസിലോ ടെണ്ടർ BOQ വിലോ വ്യക്തമാക്കിയിരുന്നില്ല. ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപ് ആവശ്യകത മുൻകൂട്ടി നിശ്ചയിച്ചില്ല. ഈ ആവശ്യത്തിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ മുൻവർഷത്തെ കണക്കുകൾ പരിഗണിച്ചില്ല. 3-5 വർഷം വരെയുള്ള കണക്കുകൾ/ആവശ്യകത പരിഗണിക്കണം എന്ന സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധന പാലിച്ചിട്ടില്ല {സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013 /എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 6.1}

5. പഞ്ചായത്ത് പ്രൊക്യൂവർമെന്റ് കമ്മിറ്റിയിൽ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല (പ്രൊക്യൂവർമെന്റ് രജിസ്റ്റർ പ്രകാരം). പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

6. തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പഞ്ചായത്തിന്റെ അനിവാര്യ ചുമതലയ്ക്കായി വർഷം തോറും പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ട്. 2019-20ൽ 7,20,468/- (സ്പിൽ ഓവർ ചെലവ് ഉൾപ്പെടെ) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇ- ടെണ്ടർ നടപടി സ്വീകരിച്ചപ്പോൾ 9 Watt LED ബൾബുകളുടെ കുറവ് നിരക്കിന് കരാർ നൽകിയിരുന്നുവെങ്കിൽ ടി പദ്ധതിയുടെ ചെലവ് 3,80,100/- (350x1086=3,80,100) രൂപയിൽ പരിമിതപ്പെടുത്താമായിരുന്നു. ഈ സാധ്യത കരാർ നടപടികളിലെ അപാകത മൂലം നഷ്ടമായി.

ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് മുൻപ് ആവശ്യകത കണക്കാക്കിയിട്ടില്ല. ഇല്ലാത്ത ഇനം തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക ടെണ്ടർ ക്ഷണിച്ചു, ഈ ഇനത്തിന് നിരക്ക് കുറവ് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ ടെണ്ടർ നൽകി, മുൻവർഷങ്ങളിലെ കണക്കുകൾ, ചെയ്യേണ്ട പ്രവൃത്തി എന്നിവയുടെ വിലയിരുത്തൽ നടത്തിയില്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തുക വഴി പഞ്ചായത്തിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ നഷ്ടം സംഭവിച്ച 4,34,900/- രൂപ പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 11/25.11.2021 മുഖേന അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പഠനമുറി നിർമ്മാണം നടത്തിയിട്ടുള്ളത് ഗുണഭോക്താവിന്റെ താമസ ഗൃഹത്തിന് അനുബന്ധമായിട്ടല്ല - അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 227/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

ട്രഷറി ബിൽ നമ്പർ –

1. 11/16.9.2020, 50000/-

2. 43/19.3.2021, 50000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിലെ വാർഡ് 5 ലെ അർജുൻ കൃഷ്ണ, S/0 ബിന്ദു, കാവല്ലൂക്കാരൻ എന്ന വിദ്യാർത്ഥിക്കു പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ധനസഹായത്തിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ദേവകി, കാവല്ലൂക്കാരൻ, എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 5 ലെ 444 നമ്പർ കെട്ടിടത്തിനോട് അനുബന്ധമായി 100 M2 വിസ്തൃതിയിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിനാണ് പഞ്ചായത്ത് A -6804/19 തീ. 23.11.2019 പ്രകാരം എൻ.ഒ.സി നൽകിയിട്ടുള്ളത്. എന്നാൽ അർജുൻ കൃഷ്ണനോ, മാതാവായ ശ്രീമതി. ബിന്ദുവോ ശ്രീമതി. ദേവകിയുടെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡ് നമ്പർ 1843143480 ലെ അംഗങ്ങൾ അല്ല. അർജുൻ കൃഷ്ണൻ ശ്രീമതി. ബിന്ദുവിന്റെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡ് നമ്പർ 18431201103 ലെ അംഗമാണ്. റേഷൻ കാർഡ് പ്രകാരം വീടിന്റെ നമ്പർ 524 ആണ്. അർജുൻ കൃഷ്ണൻ അംഗമായിട്ടുള്ള കാർഡ് നമ്പറിൽ രേഖപ്പെടുത്തിയ വീട് നമ്പർ 524 നോട് കൂടി പഠനമുറി നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് പകരം ശ്രീമതി. ദേവകിയുടെ ഉടമസ്ഥതയിലുള്ള വീട്ടുനമ്പറായ 444 നോട് കൂടി പഠനമുറി നിർമ്മിക്കുന്നതിന് പഞ്ചായത്ത് പെർമിറ്റ് നൽകിയതിന്റെ കാരണം അറിയിക്കുവാൻ എൻക്വയറി നമ്പർ 20/26.11.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ഈ നിർമ്മാണത്തിന്റെ വിശദമായ എസ്റ്റിമേറ്റ്, അസി.എഞ്ചിനീയറുടെ വിശദമായ വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ, ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല. ടി പദ്ധതി 2019-20 ൽ ആരംഭിച്ച് സ്പിൽ ഓവറായി 2020-21 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-40 ആയി ടി വിഷയം പരാമർശിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് കൃത്യമായ മറുപടിയും ആവശ്യമായ രേഖകളും ലഭ്യമാക്കും വരെ ചെലവ് തുകയായ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 കന്നുകുട്ടി പരിപാലനം - പദ്ധതികൾ

പദ്ധതി നം - 159/21

അടങ്കൽ - 268750/-

ചെലവ് - 268750/-(വൌച്ചർ നം.22000959/12.04.2020)

കന്നുകുട്ടി പരിപാലനം

പദ്ധതി നം - 262/21

അടങ്കൽ - 1200000/-

ചെലവ് - 600000/-(വൌച്ചർ നം.22001071/13.01.2021= 4,50,000/-) (വൌച്ചർ നം.22001052/02.02.2021= 1,50,000/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

2020-21 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയ്ക്കായി 268750 രൂപ 11.04.20 നം 450000 രൂപ 29.01.2021 നം 150000 രൂപ 05.02.2021 നം എസ് എൽ ബി പി യ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ തൃക്കൂർ സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നു. ശ്രീ മണി കെ.കെ കൊളങ്ങരപ്പറമ്പിൽ 15-07-2021 ന ശേഷം പദ്ധതിയിൽ തുടരുന്നില്ല. ശ്രീ. സണ്ണി തട്ടിൽ നടക്കാലൻ 16.09.2021 ന ശേഷം തുടരുന്നില്ല. ശ്രീമതി ഫിലോമിന ഔസേഫ് കാവിൽ 21.03.2021 ന ശേഷം തുടരുന്നില്ല. ശ്രീമതി ഫിലോമിന ജോൺ കൊച്ച് പടിഞ്ഞാറേക്കര 22.03.2021 ശേഷം തുടരുന്നില്ല. ശ്രീമതി രാധ വിക്രമൻ 15.07.2021 ന ശേഷം തുടരുന്നില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ .ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 ICDS സൂപ്പർവൈസർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം.27, തീയതി.27-11-21 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ നിർവഹണോദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-44 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം.10, തീയതി-25-11-21 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-45 മെഡിക്കലാഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്റ്റുകൾ - മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെലവു വിവരങ്ങൾ | ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| 1 | പ്രൊജക്ട് നം. 132/20 -21<br>വൗച്ചർ നം.22001122/09.12.2020<br>തുക - 4,00,000/-<br>പ്രൊഫോമ ഇൻവോയ്സ് നം. PRF-3358 | ₹2,27,101/- |
| 2 | പ്രൊജക്ട് നം. 142/20-21<br>വൗച്ചർ നം. 1)22000992/19.05.2020-45305<br>2)22000998/09.06.20-41210 | ₹380160/- |

| | | | |
|---|---|---|---|
| | | 3)220001161/21.10.20-11384<br>4)22001368/21.10.20-28609<br>5)22001180/04.11.20-39384<br>6)22001078/19.01.20-359972<br>7)22001067/21.08.20-32659<br>8)22001162/21.10.20-41477<br>9)22001445/06.03.21-100000<br>തുക -7,77,680/-<br>പ്രൊഫോമ ഇൻവോയ്സ് നം.<br>PRF- 3389, 4482 | |
| | | ആകെ | ₹6,07,261/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-46 തൊഴിലുറപ്പ് പദ്ധതി അപാകതകൾ - ആദായ നികുതിയിനത്തിൽ ₹35092/- ഈടാക്കിയിട്ടില്ല

1. ഓഡിറ്റ് എൻക്വയറി നം. 21 തീ. 26-11-21

2. ഓഡിറ്റ് എൻക്വയറി നം. 23 തീ. 26-11-21

3. ഓഡിറ്റ് എൻക്വയറി നം. 28 തീ. 29-11-21

1. സ.ഉ.(ആർ.റ്റി) 3399/07 ത.സ്വ.ഭ.വ തീ. 11-12-07 പ്രകാരം ഒരു പ്രൊജക്ടിന്റെ സാധനസാമഗ്രികളുടെ വിലയും വിദഗ്ദ/ അർധവിദഗ്ദ തൊഴിലാളികളുടെ കൂലിയും ഉൾപ്പെടെയുള്ള ചെലവ് പദ്ധതി തുകയുടെ 40% ൽ അധികരിക്കുവാൻ പാടുള്ളതല്ല.
ഓഡിറ്റുകാലയളവിൽ കൂലി സാധനസാമഗ്രികളുടെ വിലയുടെ അനുപാതം അനുവദനീയമായതിലും അധികരിച്ചുവെന്നു മാത്രമല്ല തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ അപ്രസക്തമാക്കി തൊഴിൽ കാർഡ് ലഭിച്ചവരുടെ വേതന തുക നാമമാത്രമാണെന്നും കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ചില ഉദാഹരണങ്ങൾ മാത്രം)

| പ്രവൃത്തിയുടെ പേര് | തൊഴിൽകാർഡ് ഉള്ളവർക്ക വേണ്ടി ചെലവു ചെയ്ത തുക | വിദഗ്ദ/ അർധവിദഗ്ദ തൊഴിലാളികൾ/സാധനസാമഗ്രികൾ ഉൾപ്പെടെയുള്ള ചെലവ് | കൂലി/ സാധനസാമഗ്രികളുടെ വിലയുടെ അനുപാതം - (അനുവദനീയമായത് 60:40) |
|---|---|---|---|
| ചാച്ചാജി റോഡ് | 5529/- | 437369/- | 1:99 |
| നെല്ലിച്ചോട് റോഡ് | 2910/- | 181379/- | 1:99 |
| SNDP റോഡ് | 6216/- | 311382/- | 2:98 |
| കാവുട്ടി റോഡ് | 4736/- | 234993/- | 2:98 |

2. തൊഴിലുറപ്പ് പദ്ധതി നിയമം/ചട്ടങ്ങൾ പ്രകാരം മനുഷ്യാധ്വാനം കൊണ്ടു ചെയ്യാൻ സാധിക്കുന്ന യാതൊരു പ്രവൃത്തികളും യന്ത്രങ്ങൾ ഉപയോഗിച്ച് നിർവ്വഹിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഓഡിറ്റ് കാലയളവിലെ റോഡ് കോൺക്രീറ്റിങ് പ്രവൃത്തികളിൽ കോൺക്രീറ്റ് മിക്സിങ് പോലെ മനുഷ്യാധ്വാനം ആവശ്യപ്പെടുന്ന പ്രവൃത്തികൾ യന്ത്രങ്ങൾ ഉപയോഗിച്ച് ചെയ്യുകയും ഈയിനത്തിലുള്ള വാടക സാധനസാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരന് നൽകിയിട്ടുള്ളതും പരിശോധനയിൽ കണ്ടു.

സർക്കാർ സർക്കുലർ 73945/ ഡി.ഡി.2 2010 ത.സ്വ.ഭ.വ തീ. 1-7-2011 പ്രകാരം പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്കു നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

3. സാധനസാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്ന് ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ഓഡിറ്റ് എൻക്വയറി നം. 21 തീ. 21-11-21 ന

നല്കിയ മറുപടി പ്രകാരം താഴെ പേർ ചേർക്കുന്ന കരാറുകാരിൽ നിന്ന്, ഇവർക്ക് തുക നൽകിയത് 14-5-20 ന ശേഷം ആകയാലും പാൻ കാർഡുള്ള സാഹചര്യത്തിലും 75% നിരക്കിൽ താഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

| | |
|---|---|
| ശ്രീ. അഭിലാഷ് ജോർജ്ജ് | ₹ 13890/- (18,52,056 X .75%) |
| ശ്രീ. ശ്രീജിത്ത് കെ.എസ് | ₹ 12750/- (17,00,000 X .75%) |
| ശ്രീ. ജോയൽ ജോയ് | ₹ 8452/- (11,26,981 X .75%) |
| ആകെ | ₹ 35092/- |

റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിൽ തൊഴിൽകാർഡ് ഉള്ളവർക്ക ലഭ്യമായ തുക കേവലം 1% അല്ലെങ്കിൽ 2% മാത്രമാണ്. ഈയിനം പ്രവൃത്തികളുടെ 99% മുതൽ 98% സാധനങ്ങൾ /ഉപകരണങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്കാണ് ലഭിച്ചിട്ടുള്ളത്. തൊഴിലുറപ്പ തൊഴിലാളികൾക്ക് പ്രവൃത്തികൾ പ്രയോജനപ്പെട്ടില്ലായെന്ന മാത്രമല്ല, ഇത്തരം പ്രവൃത്തികൾ കരാർ പ്രവൃത്തിയായി അധ:പതിക്കുന്ന സാഹചര്യമാണ ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും ആദായ നികുതിയിനത്തിൽ ₹35092/- ഈടാക്കി അടവാക്കേണ്ടതുമാണ്.

## 1-47 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 6 തീയതി -24-11-21)

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 231+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയ റോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്ക വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-48 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു

(ഓഡിറ്റ് എൻക്വയറി നം. 5 തീയതി -24-11-21)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തീ. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ്‌വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധിക തുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ - കരാറുകാരന് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറവ് വരുത്തിയിട്ടില്ല - 87742 രൂപ അധികം നൽകി

പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട് എസ്.സി സാംസ്കാരിക നിലയം, അയ്യങ്കോട് സബ് സെന്റർ, ഐ.സി.ഡി.പി സബ് സെന്റർ, പകൽ വീട് എന്നിവയുടെ വൈദ്യുതീകരണ പ്രവൃത്തികൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷന്റെ ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുള്ള ഈ പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ടെണ്ടർ കുറവ് നിരക്കിലാണ് നാല് പദ്ധതികളും കരാർ നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ച് തുക നൽകുമ്പോൾ ടെണ്ടർ നിരക്കിലെ കുറവ് യഥാർത്ഥ പ്രവൃത്തിയുടെ മൂല്യത്തിൽ നിന്ന് (Actual Value Of Work Done) കുറവ് വരുത്തി കാണുന്നില്ല. എസ്റ്റിമേറ്റിൽ ജി.എസ്.ടി യ്ക്ക പ്രൊവിഷൻ നൽകിയിട്ടുണ്ടെങ്കിലും ആയത് നൽകുകയോ ടി ഡി എസ് ഈടാക്കേണ്ട പ്രവൃത്തിയിൽ ആയത് ഈടാക്കുകയോ

ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ പ്രവർത്തികളിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ക്വോട്ട് ചെയ്ത നിരക്ക് | കരാറു കാരൻ | നടപ്പാക്കിയ പ്രവൃത്തിയുടെ മൂല്യം എം ബുക്ക് പ്രകാരം (MB No.) | ടെണ്ടർ നിരക്ക് കുറവ് വരുത്തിയതിന് ശേഷമുള്ള തുക | IT, KCWWF കുറവ് ചെയ്യേണ്ട തുക | കരാറു കാരന് നൽകേണ്ട തുക | കരാറു കാരന് നൽകിയ തുക | അധികം നൽകിയ തുക | ട്രഷറി ബിൽ നം. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എസ്.സി സാംസ്കാരിക നിലയം വൈദ്യുതീകരണം, 129/21 | 400000 | 18.4% Tender Below | സോമൻ പി.ജെ | 329266 (M.B292, 293) | 268681 | 2687+ 2687 | 263307 | 322676 | 59369 | 30/ 20-21/ 19.10.20 |
| 2 | അയ്യങ്കോട് സബ് സെന്റർ വൈദ്യുതീകരണം, 130/21 | 100000 | 15.8% Tender Below | ഷാർജാസ്. എ | 81906 (M.B288, 289) | 68965 | 690 +690 | 67585 | 76997 | 9412 | 48/ 20-21/ 6.01.21 |
| 3 | ഐ.സി.ഡി.പി സബ് സെന്റർ വൈദ്യുതീകരണം, 131/21 | 100000 | 16.01% Tender Below | ഷാർജാസ്. .എ | 82042 (M.B290, 291) | 68907 | 689 + 689 | 67529 | 77129 | 9600 | 46/ 6.01.21 |
| 4 | പകൽ വീട് വൈദ്യുതീകരണം, 136/21 | 10000 | 16.20% Tender Below | ഷാർജാസ് എ | 82042 (M.B286, 287) | 68752 | 688 + 688 | 67376 | 76737 | 9361 | 47/ 16.01.21 |
| | ആകെ | | | | | | | | | 87742 | |

അധികം നൽകിയ 87742 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ പ്രവൃത്തികളിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 30/29.11.2021

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് - തെരുവ് വിളക്ക് അറ്റകുറ്റപ്പണി (110/21)

നിർവ്വഹണം –സെക്രട്ടറി

തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി (സാധന സാമഗ്രികൾ ഉൾപ്പെടെയുള്ള റിപ്പയർ) ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ കണ്ടെത്തി എ.എം.സി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 815000/- രൂപ വകയിരുത്തിയ പദ്ധതിയ്ക്ക് 08/5/2020 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ഇ-ടെണ്ടർ (E Tender Number: A1/1401/1/20/dtd. 08/05/2020) ക്ഷണിച്ചു. ടെണ്ടറിൽ രണ്ട് പേർ പങ്കെടുത്തു.

ടെണ്ടർ നോട്ടീസ് പ്രകാരമുള്ള നിബന്ധനകൾ

1. ഒരു തെരുവ് വിളക്ക് ഒരു വർഷം മുഴുവനും അറ്റകുറ്റപ്പണി നടത്തി സ്പെയർ ഉൾപ്പെടെ പ്രവർത്തനക്ഷമമാക്കുന്നതിന് ഒരെണ്ണത്തിന് ലഭിക്കേണ്ട നിരക്കുകൾ ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

2. എല്ലാ നികുതി നിരക്കുകളും ഉൾപ്പെടെയുള്ള നിരക്ക് ആണ് രേഖപ്പെടുത്തേണ്ടത്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂവർമെന്റ് മാന്വൽ, കെ.പി.ആർ ചട്ടങ്ങൾ, ഇ-ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിലവിലുള്ള വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകം.

4. പഞ്ചായത്ത് പരിധിയിലുള്ള എൽ.ഇ.ഡി ബൾബുകൾ ഒരെണ്ണം റിപ്പയർ ചെയ്യുന്നതിനും ഒരെണ്ണം മാറ്റി സ്ഥാപിക്കുന്നതിനും ആവശ്യമായ തുക രേഖപ്പെടുത്തണം. എ.എം.സി ഒരു വർഷം.

ടെണ്ടറിൽ പങ്കെടുത്തവരും ക്വോട്ട് ചെയ്ത നിരക്കുകളും ചുവടെ ചേർക്കുന്നു.

പട്ടിക 1 (TENDER BOQ)

| Sl.no. | Description Of Work | Quantity/rate | Contractors Participated In Tender | |
|---|---|---|---|---|
| | | | AIRMECH | SAJU T.J |
| 1 | Supply And Installation Of 9 Watts LED Street Light (ISI) With Pure Aluminium Body (Water Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | 1 | 1000.00 | 350.00 |
| 2 | Supply And Installation Of 22 Watts LED Automatic Street Light (ISI) With Pure Aluminium Body (Water Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | 1 | 1000.00 | 2550.00 |
| 3 | Repair And Replacement Of LED Street Lights | 1 | 400 | 200 |
| | TOTAL | | 2400 | 3100 |

മേൽ ടെണ്ടർ നിരക്കുകളിൽ കുറവ് രേഖപ്പെടുത്തിയ AIRMECH AIRCONDITIONING ENGINEERS എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും (03.06.2020 ലെ എ1/1401/20 കത്ത് പ്രകാരം) 22/08/20 (2020-21 വർഷം) ൽ ഈ

സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു (കരാർ ഉടമ്പടി നമ്പർ 1/20-21). കരാർ കാലാവധി 31/03/2021. പഞ്ചായത്തിന്റെ 17 വാർഡുകളിൽ 31/07/20 മുതൽ 24/10/2020 വരെ ഈ സ്ഥാപനം നടത്തിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയുടെ സ്റ്റേറ്റ്മെന്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ 815000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 11

| ക്രമ നം | ചെയ്ത പ്രവൃത്തി | എണ്ണം | നിരക്ക് (GST Included) | ടാക്സ് ഇൻവോയിസ് നം./തീ. | തുക | നൽകിയതുക | വൗച്ചർ നം./ തീ. |
|---|---|---|---|---|---|---|---|
| 1 | Supply And Installation Of 9 Watts LED Street Light (ISI) With Pure Aluminium Body (Water Proof Rust Proof, Die Cast Aluminium Body And Toughened Glass) All Fitting Accessories, Installation And Supervision Charge Including | 588 | 750 | 257/ 21.10.2020 | 441000 | 441000 | 22001127/12.11.2020 |
| 2 | " | 569 | 750 | 260/22.01.2021 | 426750 | 300000 | 22001373/09.02.2021 |
| 3 | " | 100 | 750 | 265/26.03.2021 | 75000 | 74000 | 22001524/28.03.2021 |
| | | 1257 | 750 | | 942750 | 815000/- | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വാർഡ് തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്ത് മുൻവർഷം അതായത് 2019 -20 ൽ നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ (233/20) എന്ന പദ്ധതി പ്രകാരം 2000 എണ്ണം 9 Watts Crompton LED BULB ആണ് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 22 Watts LED BULB വാങ്ങി സ്ഥാപിച്ചിട്ടില്ല. ഈ വസ്തുതകൾ പരിഗണിച്ചാൽ പഞ്ചായത്ത് പരിധിയിൽ 22 Watts LED Automatic Streetlight ഉള്ള തെരുവ് വിളക്കുകൾ ഇല്ല. ടെണ്ടർ നോട്ടീസിൽ അറ്റകുറ്റപ്പണി നടത്തേണ്ട തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും BOQ വിൽ പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത 22 Watts LED ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 22 Watts LED Automatic Street Light ഇല്ലാതിരുന്നിട്ടും, മുൻവർഷത്തിൽ 9 Watts LED BULB മാത്രം വിതരണം നടത്തുകയും ചെയ്തിട്ടുള്ള സാഹചര്യം നിലനിൽക്കേ 22 Watts LED Automatic Street Light അറ്റകുറ്റപ്പണിയ്ക്ക് കൂടിയ നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ 9 Watt LED യ്ക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചിട്ടുണ്ട്. ആയതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല (പ്രൊക്യുർമെന്റ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം). പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

3) 2019-20 വർഷത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് നടത്തിയ ചെലവിന്റെയും നടത്തിയ പണിയുടെയും

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | എണ്ണം | നിരക്ക് | തുക | റിമാർക്സ് |
|---|---|---|---|---|
| Single Tube Light Repairing | 2 | 275 | 550 | 2019-20 ൽ 400000 രൂപയും, 2020-21 ൽ 154094 രൂപയും നൽകി. ആകെ 554094/- (കരാറുകാരന്റെ കണക്ക് പ്രകാരം നൽകേണ്ട തുക 561872/-) |
| 9 Watt LED BULB | 155 +23+7= 185 | 92 | 17020 | |
| 9 Watt LED BULB Repairing And Fitting | 1056+918 +775 =2749 | 198 | 544302 | |
| | | | 561872 | |

മേൽ സ്റ്റേറ്റ്മെന്റ് പ്രകാരവും 9 Watt LED BULB മാത്രം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. 22 Watts LED BULB അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. ഈ കണക്കുകൾ ടെണ്ടർ ക്ഷണിക്കുമ്പോഴും, കരാർ നൽകുമ്പോഴും പരിഗണിച്ചിട്ടില്ല.

4. ടെണ്ടർ നോട്ടീസിൽ അറ്റകുറ്റപ്പണി നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടെണ്ടർ BOQ വിൽ പഞ്ചായത്ത് ഇത് ചേർത്തിട്ടുണ്ട്. റേറ്റ് ക്വോട്ട് ചെയ്യുക എന്നതു മാത്രം ബിഡ്ഡിൽ പങ്കെടുത്തവർ ചെയ്യേണ്ടതുള്ളൂ. മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റിലെ കണക്കുകൾ പ്രകാരം 9 Watt LED ബൾബുകൾ മാത്രമേ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. ടെണ്ടറിൽപ്പറഞ്ഞ പ്രകാരമുള്ള 22 Watts LED Automatic Street Light അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് തെരുവുവിളക്ക് ഇനത്തിൽ പഞ്ചായത്തിൽ 9 Watt LED ബൾബുകൾ മാത്രമാണ്.

9 Watt LED അറ്റകുറ്റപണിയ്ക്ക് ഒരെണ്ണത്തിന് 750 രൂപ നൽകിയാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ടെണ്ടറിൽ ഈ ഇനത്തിന്റെ അറ്റകുറ്റപണിയ്ക്ക് 350 രൂപ ക്വോട്ട് ചെയ്ത കരാറുകാരനായ സാജു എന്നവരെ പരിഗണിക്കാതെ 1000 രൂപ ക്വോട്ട് ചെയ്ത AIRMECH AIRCONDITIONING ENGINEERS എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. 22 Watts LED യ്ക്ക് കൂടുതൽ റേറ്റ് (2550/-) ക്വോട്ട് ചെയ്തു എന്നത് കൊണ്ട് മാത്രം സാജു എന്നവരുടെ ടെണ്ടർ നിരസിച്ചതായിട്ടാണ് വ്യക്തമാകുന്നത്. AIRMECH AIRCONDITIONING എന്ന സ്ഥാപനം 1000 രൂപ ക്വോട്ട് ചെയ്തുവെങ്കിലും 750 രൂപയാണ് നൽകിയിട്ടുള്ളത്. ടി രണ്ട് കരാറുകാരുമായും നൊഗോസിയേഷൻ നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5. 9 Watt LED ബൾബ് അറ്റകുറ്റപണിയ്ക്ക് ഒരെണ്ണത്തിന് 750 രൂപ നിരക്കിൽ തൻവർഷം 8,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഏകദേശം 1086 എണ്ണം (815000/750=1086) അറ്റകുറ്റപ്പണി നടത്തിയതായി (കരാറുകാരന്റെ കണക്ക് പ്രകാരം 1227) കണക്കാക്കുമ്പോൾ കുറഞ്ഞ നിരക്കായ 350 രൂപയ്ക്ക് കരാർ നൽകിയിരുന്നുവെങ്കിൽ പഞ്ചായത്തിന് തൻവർഷം നൽകേണ്ടി വരുന്ന ആകെ തുക 3,80,100/- (350x1086=3,80,100) രൂപയാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തൻവർഷം ചെലവഴിച്ചത് 8,15,000/- രൂപയാണ്. പഞ്ചായത്തിന് ഇതുവഴി 4,34,900/- രൂപയുടെ (8,15,000-3,80,100) നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ നോട്ടീസിലും, ടെണ്ടർ BOQ വിലും ചെയ്യേണ്ട പ്രവൃത്തികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഈ വസ്തുത പരിഗണിക്കാതെയും മുൻവർഷത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിലയിരുത്തൽ നടത്താതെയുമാണ് കരാർ നൽകിയിട്ടുള്ളത്.

6. പട്ടിക 11 ക്രമ നം. 2, 3 ഇൻവോയിസുകൾ പ്രകാരം കരാറുകാരൻ 4,41,000, 4,26,750, 75000 എന്നിങ്ങനെ ചെയ്ത പ്രവൃത്തിയുടെ ബില്ലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും യഥാക്രമം 4,41,000, 300000, 74000 എന്നീ തുകകൾ മാത്രമേ നൽകിയിട്ടുള്ളൂ. (പ്രവൃത്തി സംബന്ധിച്ച് ഇൻവോയിസിനോടൊപ്പം സമർപ്പിച്ച പ്രവൃത്തിയുടെ സ്റ്റേറ്റ്മെന്റുകൾ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്). കരാർ ഉടമ്പടി ക്രമ നമ്പർ 9 ൽ വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ 4 തവണ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിയെന്ന് കരാറുകാരൻ കരാർ നടപടികളിലെ വ്യവസ്ഥകൾ പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടും കരാറുകാരന് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി തുക നൽകി. ചെയ്ത പ്രവർത്തിയ്ക്ക് മുഴുവൻ തുകയും നൽകിയില്ല. പഞ്ചായത്തിനോ കരാറുകാരനോ പ്രസ്തുത പ്രവർത്തിയുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പുവരുത്താനായിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാരണങ്ങളാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 4,34,900/- രൂപ

ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിക്കുന്നതിനുള്ള കാരണങ്ങൾ

1. പഞ്ചായത്തിൽ 9 Watt LED ബൾബുകൾ മാത്രം അറ്റകുറ്റപ്പണി നടത്താനുള്ളു എന്ന വസ്തുത പരിഗണിക്കാതെ ഈ ഇനത്തിലെ അറ്റകുറ്റപ്പണിയ്ക്ക് കുറവ് നിരക്ക് (350/-) ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി കൂടുതൽ നിരക്ക് (1000/-) ക്വോട്ട് ചെയ്ത കരാറുകാരന് കരാർ നൽകി. അതും പഞ്ചായത്ത് പരിധിയിൽ ഇല്ലാത്ത 22 Watts LED BULB അറ്റകുറ്റപ്പണിയ്ക്ക് കുറവ് നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ.

2. 2019-20 വർഷം തെരുവ് വിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് പഞ്ചായത്ത് വാങ്ങി നൽകിയിട്ടുള്ളതും, തൻവർഷം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതും (വിശദാംശം മുകളിൽ ചേർത്തിരിക്കുന്നു) 9 Watt LED ബൾബുകൾ മാത്രമാണ്. മാത്രമല്ല 2019-20 വർഷത്തിൽ സ്ഥാപിച്ച 9 Watt LED സ്ട്രീറ്റ് ലൈറ്റിനു 18 മുതൽ 24 മാസം വരെ വാറണ്ടി ലഭ്യമാകുമെന്നതിനാൽ ഇതേ ലൈറ്റുകൾക്ക് 2020-21 ൽ എ.എം.സി നൽകേണ്ട ആവശ്യമില്ല. 22 Watts LED ഒരെണ്ണം പോലും വാങ്ങി നൽകുകയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടില്ല. മുൻവർഷത്തെ കണക്കുകൾ വിലയിരുത്താതെ നടപ്പാക്കാനില്ലാത്ത പ്രവൃത്തി ടെണ്ടർ BOQ വിൽ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചു. ടി പ്രവൃത്തിയ്ക്ക് കുറവ് നിരക്ക് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ കരാർ നൽകി. ഇതുവഴി പഞ്ചായത്തിന് അധിക ചെലവ് സംഭവിച്ചു.

3. രണ്ട് കരാറുകാരും ഓരോ ഇനത്തിനും (9 Watts LED 350/-, 22 Watts LED 1000/-) കുറവ് നിരക്ക് രേഖപ്പെടുത്തിയ സാഹചര്യത്തിൽ കരാർ ഇനം തിരിച്ച് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചില്ല (സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013/എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 9.18 (lv)). അല്ലാത്തപക്ഷം സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013 /എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 9.48 പ്രകാരം ഏറ്റവും കുറവ് രേഖപ്പെടുത്തിയ തുക ന്യായമല്ല എന്ന് ബോധ്യപ്പെട്ടാൽ ആയത് രേഖപ്പെടുത്തിയ സപ്ലൈയറുമായി നെഗോസിയേഷൻ നടത്തി ന്യായമായ വിലയിലേക്ക് കുറച്ചാൽ കരാർ നൽകാവുന്നതാണ്. സപ്ലൈയർ വില കുറക്കുന്നില്ലയെങ്കിൽ വീണ്ടും ടെണ്ടർ ചെയ്യണം. രണ്ട് കരാറുകാരുമായി നെഗോസിയേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

4. തെരുവ് വിളക്കുകൾ എത്ര എണ്ണം അറ്റകുറ്റപ്പണി നടത്തണം എന്ന് ടെണ്ടർ നോട്ടീസിലോ ടെണ്ടർ BOQ വിലോ വ്യക്തമാക്കിയിരുന്നില്ല. ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപ് ആവശ്യകത മുൻകൂട്ടി നിശ്ചയിച്ചില്ല. ഈ ആവശ്യത്തിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ മുൻവർഷത്തെ കണക്കുകൾ പരിഗണിച്ചില്ല. 3-5 വർഷം വരെയുള്ള കണക്കുകൾ/ആവശ്യകത പരിഗണിക്കണം എന്ന സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധന പാലിച്ചിട്ടില്ല {സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ (പി)3/2013 /എസ്.പി.ഡി തീ. 21.06.13 ഖണ്ഡിക 6.1}

5. പഞ്ചായത്ത് പ്രൊക്യുവർമെന്റ് കമ്മിറ്റിയിൽ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല (പ്രൊക്യുവർമെന്റ് രജിസ്റ്റർ പ്രകാരം). പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

6. തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പഞ്ചായത്തിന്റെ അനിവാര്യ ചുമതലയ്ക്കായി വർഷം തോറും പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ട്. 2019-20ൽ 7,20,468/- (സ്പിൽ ഓവർ ചെലവ് ഉൾപ്പെടെ) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇ- ടെണ്ടർ നടപടി സ്വീകരിച്ചപ്പോൾ 9 Watt LED ബൾബുകളുടെ കുറവ് നിരക്കിന് കരാർ നൽകിയിരുന്നുവെങ്കിൽ ടി പദ്ധതിയുടെ ചെലവ് 3,80,100/- (350x1086=3,80,100) രൂപയിൽ പരിമിതപ്പെടുത്താമായിരുന്നു. ഈ സാധ്യത കരാർ നടപടികളിലെ അപാകത മൂലം നഷ്ടമായി.

ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് മുൻപ് ആവശ്യകത കണക്കാക്കിയിട്ടില്ല. ഇല്ലാത്ത ഇനം തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്ക് ടെണ്ടർ ക്ഷണിച്ചു, ഈ ഇനത്തിന് നിരക്ക് കുറവ് ക്വോട്ട് ചെയ്തു എന്ന കാരണത്താൽ ടെണ്ടർ നൽകി, മുൻവർഷങ്ങളിലെ കണക്കുകൾ, ചെയ്യേണ്ട പ്രവൃത്തി എന്നിവയുടെ വിലയിരുത്തൽ നടത്തിയില്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തുക വഴി പഞ്ചായത്തിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ നഷ്ടം സംഭവിച്ച 4,34,900/- രൂപ പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 11/25.11.2021 മുഖേന അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | | 100000 | പകൽ വീട് | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | | 170000 | നെൽകൃഷി വികസനം | 170000 | 0 |
| | | 1200000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ - ജനറൽ) | 260000 | 0 |
| | | 100000 | ക്ഷീര സഹകരണ സംഘം മുഖേന പാൽ അളക്കുന്നവർക്ക സബ്സിഡി | 98766 | 0 |
| | | 300000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 250000 | വയോജനങ്ങൾക്ക് കട്ടിൽ | 250000 | 0 |
| | | 1000000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 600000 | 0 |
| പഞ്ചായത്ത് | | 500000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 450000 | 0 |
| | | 63000 | ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിനു സബ്സിഡി | 0 | 63000 |
| | | 830000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ എസ്.സി) | 830000 | 0 |
| | | 174890 | തൃക്കൂർ ഗ്രാമപഞ്ചായത്ത് പകൽ വീട് നിർമ്മാണം | 143322 | 960558 |
| | | 80000 | വികലാംഗർക്ക് മുച്ചക്രവാഹനം | 0 | 80000 |
| | | 1100000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ - ജനറൽ) | 1040000 | 60000 |
| | | 600000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 600000 |
| | | 1388921 | മണലിപ്പുഴ സംരക്ഷണം | 0 | 1388921 |

| | | | | | |
|---|---|---|---|---|---|
| | | 600000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | | 1200000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ - ജനറൽ) | 0 | 1200000 |
| | | 200000 | ക്ഷീര സഹകരണ സംഘം മുഖേന പാൽ അളക്കുന്നവർക്കു സബ്സിഡി | 200000 | 0 |
| | | 500000 | അങ്കണവാടി പോഷകാഹാരം | 0 | 500000 |
| | | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 250000 | വയോജനങ്ങൾക്ക് കട്ടിൽ | 250000 | 0 |
| | | 300000 | പാലിയേറ്റീവ് പരിചരണം | 100000 | 0 |
| | | 1500000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 1100000 | 0 |
| | | 1063611 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 450000 | 0 |
| | | 120000 | നെല്ല് കൃഷി വികസനം | 120000 | 0 |
| | | 393188 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 0 | 393188 |
| | | 200000 | ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിനു സബ്സിഡി | 200000 | 0 |
| | | 500000 | അങ്കണവാടി മെയിൻറനൻസ് വാർഡ്-1,7,8 &9 | 0 | 500000 |
| | | 500000 | തൃക്കൂർ ഗ്രാമപഞ്ചായത്ത് പകൽ വീട് നിർമ്മാണം | 500000 | 0 |
| | | 160000 | വികലാംഗർക്ക് മുച്ചക്രവാഹനം | 0 | 160000 |

| | | | | | |
|---|---|---|---|---|---|
| | | 1200000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ - ജനറൽ) | 1120000 | 0 |
| | | 900000 | മണലി പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ -ജലപ്രയാണം 2020 | 351853 | 0 |
| | | 148200 | മണലിപുഴ സംരക്ഷണം | 22500 | 0 |
| | | 1000000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 60000 | 0 |

2019-20 ലെ മുൻബാക്കി ഉൾപ്പെടെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 6,78,576 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 14,40,000 രൂപയും നീക്കിയിരിപ്പുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ ഇതുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും 97/21 | 609212 | 35488 | 573724 |
| 2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും 156/21 | 59484 | 0 | 59484 |
| 3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വാർഡ്-8ലേക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 151/21 | 70812 | 0 | 70812 |
| 4. കേരളാ വാട്ടർ അതോറിറ്റി | വാർഡ് 9, 10 എന്നിവിടങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 166/21 | 110000 | 0 | 110000 |
| 5. കേരളാ വാട്ടർ അതോറിറ്റി | തൃക്കൂർ ഗ്രാമപഞ്ചായത്ത് പോസ്റ്റ് ഓഫീസ് മുതൽ ആളൂർ റോഡ് വരെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | 160000 | 0 | 160000 |
| 6. കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് | 1022000 | 0 | 1022000 |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | |
| 7. കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 238/21 | 0 | 0 | 0 |
| 8. കേരളാ വാട്ടർ അതോറിറ്റി | അയ്യപ്പൻകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 281/21 | 2000000 | 0 | 2000000 |

2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം KSEB യും, KWAയും നൽകിയ അതേ തുക തന്നെയാണ് 2020-21 ലും കാണിച്ചിരിക്കുന്നത്. 2020-21ൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കു നൽകിയ തുക മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല. ടി അപാകത വാർഷിക കണക്കിൽ ഖണ്ഡിക 1-23ൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ ടി ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി സമ്പൂർണ്ണ പാർപ്പിടം | | 20000000 | 10114760 | 1080860 | 932127 | 9033900 |
| ലൈഫ് ഭവനപദ്ധതി വായ്പ | | 12666173 | 11857350 | 804510 | 0 | 11052840 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2-1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | 2-1 | ജീവനക്കാരിൽനിന്നും ഒരു അർദ്ധ വർഷത്തെ മാത്രം തൊഴിൽ നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83807798 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88168133 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 522642 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 140025 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 87742 | സുധ. ജെ, സെക്രട്ടറി |
| 3-2 | 434900 | സുധ. ജെ, സെക്രട്ടറി |
| ആകെ | 522642 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38(1) | 26100 | മനോജ്കുമാർ. പി, അസി. സെക്രട്ടറി |
| 1-38(2) | 13925 | മനോജ്കുമാർ. പി, അസി. സെക്രട്ടറി |
| 1-41 | 100000 | മനോജ്കുമാർ. പി, അസി. സെക്രട്ടറി |
| ആകെ | 140025 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധ. ജെ, സെക്രട്ടറി | കണ്ണംകുളത്ത് ഹൗസ്, പി.ഒ. പുല്ലഴി ഒളരിക്കര, തൃശ്ശൂർ -680012 | കണ്ണംകുളത്ത് ഹൗസ്, പി.ഒ. പുല്ലഴി ഒളരിക്കര, തൃശ്ശൂർ -680012 |
| മനോജ്കുമാർ. പി, അസി. സെക്രട്ടറി | കോഴിപ്ര ഹൗസ് തൃശ്ശൂർ. പി.ഒ. | കോഴിപ്ര ഹൗസ് തൃശ്ശൂർ. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 82-83 | എൽ.എഫ്.ടി.എസ്. 2-825/11 തീയതി 28.10.11/6.12.11 |
| 84-85 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 88-89,89-90,91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 94-95 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 95-96 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 96-97(ചെലവ്) | എൽ.എഫ്.ടി.11-893/99, തീയതി 19.4.99 |
| 96-97(ഫൈനൽ) | എൽ.എഫ്.ടി.11-154/06, തീയതി 31.5.06 |
| 97-98ചെലവ് | എൽ.എഫ്.ടി.893/99 തീയതി19.4.99 |
| 97-98ഫൈനൽ | എൽ.എഫ്. ടി.11-155/06, തീയതി 31.5.06 |
| 98-99ചെലവ് | എൽ.എഫ്.ടി11-662/00, തീയതി 1.9.00 |
| 98-99ഫൈനൽ | എൽ.എഫ്.ടി.11-1526/00, തീയതി 18.10.06 |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ.എഫ്.ടി.11-1069/03, തീയതി 26.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി.11-1527/06, തീയതി 20.10.06 |
| 00-01 | എൽ.എഫ്.ടി.11-1683, തീയതി 4.10.08 |

| | |
|---|---|
| 01-02 | എൽ.എഫ്.ടി.11-2361/07, തീയതി 4.10.08 |
| 02-03 | എൽ.എഫ്.ടി.11-2370/07, തീയതി 4.10.08 |
| 03-04 | എൽ.എഫ്.ടി.11-1364/08, തീയതി 3.8.09 |
| 04-05 | എൽ.എഫ്.ടി.11-1365/08, തീയതി 3.8.09 |
| 05-06 | എൽ.എഫ്.ടി.11-1620/09, തീയതി 8.8.10 |
| 06-07 | എൽ.എഫ്.ടി.11-1621/09, തീയതി 18.8.10/31.1.11 |
| 07-08 | എൽ.എഫ്.ടി.(പി5)370/11, തീയതി 11.3.11 |
| 08-09 | എൽ .എഫ്.ടി.(പി5)371/11, തീയതി 15.3.11 |
| 09-10 | എൽ .എഫ്.ടി.(പി5)372/11, തീയതി 15.3.11 |
| 10-11 | എൽ .എഫ്. ടി.(പി4)710/12 തീയതി 18.9.12/2.3.13 |
| 11-12 | എൽ.എഫ്. ടി.(പി8) 1568/13 തീയതി 14.3.14/12.5.14 |
| 12-13 | എൽ. എഫ്.ടി.(പി8) 379/14, തിയതി 12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8) 560/15/20.8.15/ 12.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി6) 1256/16/ 28.7.2016 |
| 15-16 | കെ .എസ്.എ.ടി. എസ്.ആർ.(പി6) 2058/16/ 22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(പി6)1442/17 Dt.09.10.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ.(പി6)1840/18 തീ. 04.12.18 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)116/2020 തീയതി: 25.5.2020 |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ(പി14)10/2022 തീയതി:03-07-2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്